ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ മന്ത്രിസഭ അധികാരത്തിൽ വന്നതിനു ശേഷം, ജില്ലാതല അവലോകനങ്ങളും സംസ്ഥാനതല അവലോകനവും നടത്തിയിട്ടുണ്ട്.

(സി) പ്രോജക്ട് 1 വിഭാഗത്തിൻ കീഴിലുള്ള 9 പദ്ധതികളുടെ പുനരുദ്ധാരണ പരിപാടികൾക്ക് 2004-2005 വർഷത്തെ ബഡ്ജറ്റിൽ 1073.81 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പണികളുടെ പൂർത്തീകരണത്തിന് 3865 ലക്ഷം രൂപ ഇനിയും വേണ്ടി വരും. ഈ സാമ്പത്തിക വർഷത്തിൽ ഇതേവരെ മേൽ പണികൾക്കായി 263.53 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

തൂവൽമല, ഒന്നാംകല്ല് പ്രദേശങ്ങളിൽ നിന്നുമുള്ള ജലം ചോർത്തൽ

48 [3910] *ശ്രീ. വി. ഡി. സതീശൻ:*
പ്രൊഫ. എൻ. ഡി. മുസ്തഫ:
ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, *കെ. ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്-കേരള അതിർത്തിയിൽ തൂവൽമല, ഒന്നാംകല്ല് മുതലായ പ്രദേശങ്ങളിൽ നിന്നും തമിഴ്നാട് ജലം ചോർത്തുന്നതായും ഇത് നിരീക്ഷിക്കുന്നതിന് സ്ഥിരം ക്രമീകരണമുണ്ടാക്കണമെന്നും പ്രസ്തുത സ്ഥലങ്ങൾ സന്ദർശിച്ച നിയമസഭാ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നോ;

(ബി) എങ്കിൽ ഇതനുസരിച്ച് എന്തെങ്കിലും ക്രമീകരണമുണ്ടാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണവും അതിനുത്തരവാദപ്പെട്ടവർ ആരെല്ലാമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തമിഴ്നാട്-കേരള അതിർത്തിയിൽ തൂവൽമല, ഒന്നാംകല്ല് മുതലായ പ്രദേശങ്ങളിൽ നിന്നും തമിഴ്നാട് ജലം ചോർത്തുന്നതായി യാതൊരു തെളിവും കാണാൻ കഴിഞ്ഞിട്ടില്ല എന്നാണ് നിയമസഭാ കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്.

എന്നാൽ ജലം ചോർത്തുന്നത് നിരീക്ഷിക്കുന്നതിനും തടയുവാനും വേണ്ടി കേരള-തമിഴ്നാട് അതിർത്തിയിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് സ്ഥിരമായ ഒരു മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് യഥാസമയം ഗവൺമെന്റിന് നൽകണമെന്നും കമ്മിറ്റി ശുപാർശ ചെയ്തിരുന്നു.

GPM. 2/257/2012.—13

LIBRARY ARCHIVES Kerala Legislative Assembly

(ബി) പമ്പ, അച്ചൻകോവിൽ നദികളിൽനിന്നും അനധികൃതമായി ജലം ചോർത്തുന്നില്ല എന്ന് ഉറപ്പു വരുത്തുവാനായി കേരളം ജാഗ്രത പുലർത്തുന്നുണ്ട്. കേരളത്തിൽ നിന്നും അനധികൃതമായി ജലം കടത്തുന്നുണ്ടോ എന്ന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ സർക്കിൾ, തൃശ്ശൂർ വിജിലൻസ് കോ-ഓർഡിനേറ്ററായും അതാത് ബേയ്സിനുകളുടെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വിജിലൻസ് ഓഫീസർമാരായും ഉള്ള ഒരു സംവിധാനം മുൻപ് തന്നെ നിലവിലുണ്ട്. കൂടാതെ വനം വകുപ്പിലെയും ജലസേചന വകുപ്പിലെയും ഉദ്യോഗസ്ഥൻമാരുടെ ഒരു ടാസ്ക്ക് ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ വനം വകുപ്പിലെയും ജലവിഭവ വകുപ്പിലെയും കെ. എസ്. ഇ. ബി.-യിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയ ഒരു ഹൈലെവൽ മോണിട്ടറിംഗ് കമ്മിറ്റിയും ഇതിനായി രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ ഇൻസ്പെക്ഷൻ നടത്തുന്നതിന് മേൽപറഞ്ഞ 3 വകുപ്പിലെയും ഉദ്യോഗസ്ഥർ അടങ്ങിയ ഒരു ഫീൽഡ് ലെവൽ ടീമും രൂപീകരിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

വള്ളിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ പണി

49 [3911] *ശ്രീ. കെ. അച്ചുതൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ ആർ. ബി. മെയിൻ കനാലിൽനിന്നും ആരംഭിക്കുന്ന വള്ളിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ തുടക്കത്തിലുള്ള 2 കി. മീറ്റർ കനാൽ ഇതുവരെയും പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ കോൺട്രാക്ട് ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വെളിപ്പെടുത്താമോ;

(സി) ഈ പ്രവൃത്തിയുടെ കരാറുകാരന് കുടിശ്ശിക നൽകാനുണ്ടോ?

ഉത്തരം

(എ) കെ. ഐ. പി. ആർ. ബി. മെയിൻ കനാലിൽനിന്നും ആരംഭിക്കുന്ന വള്ളിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 194 മീ. മുതൽ 2516 മീറ്റർ വരെയുള്ള കനാൽ നിർമ്മാണം ഏറ്റെടുത്തിരുന്ന കരാറുകാരൻ നിരക്ക് വർദ്ധനവ് ആവശ്യപ്പെട്ടുകൊണ്ട് കനാൽ നിർമ്മാണം പൂർത്തീകരിച്ചില്ല.

(ബി) ഇല്ല. 31-3-1993-ൽ കരാറിന്റെ കാലാവധി അവസാനിച്ചു. കരാർ കാലാവധി പുതുക്കി പണി ഏറ്റെടുക്കാൻ കരാറുകാരനോട് ആവശ്യപ്പെട്ടെങ്കിലും അതിന് തയ്യാറായിട്ടില്ല. കരാർ പുതുക്കുന്നതനുസരിച്ച് പണിപൂർത്തിയാക്കുന്നതാണ്.

(സി) കരാറുകാരൻ പണിപൂർത്തിയാക്കാത്തതിനാൽ ഫൈനൽ പേമെന്റ് നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly